**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3209** **14-02-2024 - ൽ മറുപടിയ്ക്ക്**

**കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയുടെ പേരിൽ സ്മാരകം പണിയുന്നതിന് ഏത് വർഷമാണ് ബജറ്റിൽ തുക വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മണ്ഡലത്തിൽ സാംസ്കാരികവകുപ്പിന്റെ കീഴിൽ കന്നട മഹാകവി ഡോ.കയ്യാർ കിഞ്ഞണ്ണറൈയുടെ പേരിൽ സ്മാരകം പണിയുന്നതിന് 2022-23 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് വകയിരുത്തിയതെന്നും തുക ഉപയോഗിച്ച് എന്തെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | മഹാകവി ഡോ.കയ്യാർ കിഞ്ഞണ്ണറൈ സ്മാരക മന്ദിരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനോട് ചേർന്നുള്ള റവന്യൂ ഭൂമിയായ ബദിയടുക്ക വില്ലേജിലെ റീ.സർവ്വെ നം.1447/1ബി, 1499 എന്നിവയിൽപ്പെട്ട 30 സെന്റ് ഭൂമി വഴിക്കും ഫ്രണ്ടേജിനുമായി സാംസ്കാരികവകുപ്പിന് കൈമാറി ലഭിക്കുന്നത് സംബന്ധിച്ച ഡയറക്ടറുടെ ശിപാർശയുടെയും അനുബന്ധരേഖകളുടെയും പകർപ്പ് ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റവന്യൂവകുപ്പിൽ നിന്നുള്ള 10.12.2023 ലെ സർക്കാർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഉചിതതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ ഇതുവരെ നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) | മഹാകവി ഡോ.കയ്യാർ കിഞ്ഞണ്ണറൈ സ്മാരക മന്ദിരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനോട് ചേർന്നുള്ള റവന്യൂ ഭൂമിയായ ബദിയടുക്ക വില്ലേജിലെ റീ.സർവ്വെ നം.1447/1ബി, 1499 എന്നിവയിൽപ്പെട്ട 30 സെന്റ് ഭൂമി വഴിക്കും ഫ്രണ്ടേജിനുമായി സാംസ്കാരികവകുപ്പിന് കൈമാറി ലഭിക്കുന്നത് സംബന്ധിച്ച ഡയറക്ടറുടെ ശിപാർശയുടെയും അനുബന്ധരേഖകളുടെയും പകർപ്പ് ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റവന്യൂവകുപ്പിൽ നിന്നുള്ള 10.12.2023 ലെ സർക്കാർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഉചിതതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ